**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152** **02-02-2026 - ൽ മറുപടിയ്ക്ക്**

**പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന വട്ടോളി ഇയ്യാട് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന വട്ടോളി ഇയ്യാട് റോഡ് പ്രവൃത്തിക്ക് ജലജീവൻ പ്രവൃത്തിയുടെ റീസ്റ്റോറേഷൻ ഫണ്ട് അനുവദിക്കാത്തത് കാരണം ആരംഭിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബാലുശ്ശേരി നിയോജകമണ്ഡലം MLA ശ്രീ സച്ചിൻ ദേവ് അവർകളുടെ അധ്യക്ഷതയിൽ 23/10/2024-ൽ ചേർന്ന യോഗത്തിൽ അടിയന്തിരമായി പൈപ്പ് സ്ഥാപിച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി, കേരള വാട്ടർ അതോറിറ്റി, PMGSY-ക്ക് അണ്ടർടേക്കിങ് നൽകിയാൽ അനുമതി നൽകുമെന്ന് PMGSY എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിരുന്നു. ആയത് പ്രകാരം 10.02.2025 തീയതിയിൽ **KWA-JB/9144/2024-F1(A)** നമ്പറിൽ അണ്ടർ ടേക്കിങ് നൽകി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിൽ ജലജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ റീസ്റ്റോറേഷൻ പ്രവൃത്തികൾക്ക് എത്ര തുകയാണ് സർക്കാർ അനുവദിക്കേണ്ടത്; ഇതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്താൻ തയ്യാറാകുമോ; എങ്കിൽ പ്രസ്തുത തുക അനുവദിക്കുന്നതിനായി ഇതിനെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് വിശദമാക്കാമോ? | (ബി) | വട്ടോളി ഇയ്യാട് റോഡിൽ റെസ്റ്റോറേഷൻ തുകയായ **39,18,350 രൂപ PMGSY** ആവശ്യപ്പെട്ടിട്ടുണ്ട്. ജലജീവൻ മിഷൻ ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് തുക അടയ്ക്കുന്നതിൽ കാലതാമസം നേരിടുന്നത്. പ്രസ്തുത തുക ജൽ ജീവൻ മിഷൻ പദ്ധതിയുടെ സീനിയോറിറ്റി ലിസ്റ്റിൽ **6532** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ